# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.610  29.11.2018-ൽ മറുപടിക്ക്**

**വീക്ഷണം കൈത്തറിയുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ആറ്റിങ്ങൽ നഗരസഭാ പരിധിയിലെ വീക്ഷണം കൈത്തറിയുടെ പുനരുദ്ധാരണം ഏതുഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; വീക്ഷണം സംഘത്തിന്റെ നിലവിലെ ബാധ്യതയെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) വീക്ഷണം കൈത്തറി നെയ്ത്തു സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് സംഘത്തിന്റെ പേരിലുള്ള റവന്യൂ റിക്കവറി ഒഴിവാക്കി വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും പുന:സ്ഥാപിക്കുന്നതിനും റവന്യൂ റിക്കവറി തുക മുതൽ ഇനത്തിൽ 6,49,581/- രൂപയും നാളിതുവരെയുള്ള പലിശയും ചേർത്ത് 14,44,000/- രൂപയും 50 തറികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 3 ലക്ഷം രൂപയും ഉൾപ്പെടെ 17,44,000/- രൂപയും, കെട്ടിടം, വർക്ക്ഷെഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8,35,000/- രൂപയും ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് 50,000/- രൂപയും പരിസരം വൃത്തിയാക്കുന്നതിന് 14,400/- രൂപയും ഉൾപ്പെടെ ആകെ 26,43,400/- രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.<br><br>വീക്ഷണം കൈത്തറി നെയ്ത്തു സഹകരണസംഘത്തിന്റെ റവന്യൂ റിക്കവറി കുടിശ്ശികയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വൈദ്യുതി കുടിശ്ശിക | 26797+9/2005മുതൽ 24%പലിശ+5%കളക്ഷൻ ചാർജ്ജ്+നോട്ടീസ് ചാർജ്ജ് |
| 2 | വെള്ളക്കരം | 277749 + 10/11/16 മുതൽ 12% പലിശ+5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |
| 3 | ലേബർ കുടിശ്ശിക | 11593 + 14/2/2003 മുതൽ 12% പലിശ+5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |
| 4 | ആഡിറ്റ് ഫീസ് | 46844 + 15/4/2008 മുതൽ 12%പലിശ+ 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |
| 5 | കൈത്തറി തൊഴിലാളി ക്ഷേമനിധി കുടിശ്ശിക | 286600+ 24/8/2004 മുതൽ 12%പലിശ+ 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |

ടി കുടിശ്ശികയും മറ്റ് നടപടി ചെലവുകളും ഉൾപ്പെടെ ഏകദേശം 18 ലക്ഷത്തോളം രൂപ കുടിശ്ശിക ഉള്ളതായി ചിറയിൻകീഴ് തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ